**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3159 — 15.02.2013-ൽ മറുപടിയ്ക്ക്

## പൊതുമരാമത്ത് വകുപ്പിന്റെ കാര്യക്ഷമത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>,, വി.പി.സജീന്ദ്രൻ<br>,, എം.പി.വിൻസെന്റ്<br>,, എം.പി.അബ്ദുള്ളക്കുട്ടി | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം സമഗ്രമായി നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് പുതിയ സാധന സാമഗ്രികളും സാങ്കേതിക വിദ്യകളും പ്രയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉണ്ട്. കൂടാതെ ദേശീയ/അന്തർ ദേശീയ നിലവാരത്തിലുള്ള സാങ്കേതിക വിദ്യകൾ സ്വായത്തമാക്കുന്നതിനും അതുപ്രകാരം പ്രവർത്തികൾ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഇ-ടെൻഡറിംഗ്, ഇ-പെയ്മെന്റ് തുടങ്ങിയ പുതിയ ആശയങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) ഇതിനായി പ്രത്യേക നയം രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ ;<br>(സി) വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നയത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ | **(ബി)&(സി):**<br>വികസന പ്രവർത്തനങ്ങൾക്കുള്ള പ്രധാനപ്പെട്ട തടസ്സം ഭൂമി അക്വയർ ചെയ്യുന്നതിനുള്ളതാണ്. ആയതിനാൽ ഭൂമി അക്വയർ ചെയ്യുന്നതിനുള്ള തടസ്സങ്ങൾ ഒരു പരിധി വരെ ഒഴിവാക്കുന്നതിന് മറ്റു സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയതുപോലെ ഇൻഫ്രാസ്ട്രക്ചർ ആക്ട് നടപ്പിലാക്കുന്നതിനുള്ള നടപടികളും റോഡ് നയം നടപ്പിൽ വരുത്തുന്നതിനുള്ള പരിപാടികളും കൈക്കൊണ്ടുവരുന്നു. |
| (ഡി) ഇത് സംബന്ധിച്ച രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ? | (ഡി) ഇതു സംബന്ധിച്ച രൂപരേഖകൾ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ